പ്രദേശങ്ങളിൽ താമസിക്കുന്ന നിരവധി കുടിയേറ്റ കർഷകരുടെയും ആദിവാസികളുടെയും കൃഷി മുഴുവനായും കാട്ടാനകൾ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇവർക്ക് വളരെയധികം സാമ്പത്തികനഷ്ടം സംഭവിച്ചു കഴിഞ്ഞു. വളരെയധികം വീടുകൾ കാട്ടാനകൾ നശിപ്പിച്ചുകഴിഞ്ഞു. തവിഞ്ഞാൾ പഞ്ചായത്തിലെ ചന്ദനത്തോട്, മുപ്പത്തിയെട്ടാം മൈൽ പെരിയ ബോയിസ് ഠൗൺ എന്നിവിടങ്ങളിലും കാട്ടാനശല്യം വളരെയധികമാണ്. കൊട്ടിയൂർ പഞ്ചായത്തിലെ പന്നിയമ്മല, അമ്പായത്തോട്, പാൽച്ചുരം പ്രദേശങ്ങളിലാണ് നിരന്തരമായി കാട്ടാനയുടെ ശല്യമുണ്ടായിക്കൊണ്ടിരിക്കുന്നത്. ഇവിടെയുള്ള കൃഷിസ്ഥലങ്ങളിൽ കാട്ടാന കൂട്ടമായി ഇറങ്ങി വൻതോതിൽ കൃഷിനാശം വരുത്തുന്നു. കാട്ടാന ശല്യത്തിന് പരിഹാരമുണ്ടാക്കാൻ വിവിധ പദ്ധതികൾ നിലവിലുണ്ടെങ്കിലും അവ പൂർത്തീകരിക്കാത്തതുകൊണ്ടും പ്രാവർത്തികമാക്കാത്തതുകൊണ്ടുമാണ് ഈ പ്രദേശങ്ങളിലുള്ള ജനങ്ങൾക്ക് ദുരിതമനുഭവിക്കേണ്ടിവരുന്നത്. വനംവകുപ്പ് കുഴിച്ച കിടങ്ങുകൾ പൂർത്തീകരിക്കുകയും തോൽപ്പെട്ടി വൈൽഡ് ലൈഫ് റെയിഞ്ചിലും ബേപ്പൂർ ടെറിട്ടോറിയൽ റെയിഞ്ചിലുംപെട്ട തിരുനെല്ലി, കരണപ്പാറ, തോൽപ്പെട്ടി തുടങ്ങിയ സ്ഥലങ്ങളിലെ കിടങ്ങുകൾ ഫെൻസിംഗ് ജോലികൾ നടത്തി പൂർത്തീകരിക്കുകയും വേണം. ട്രെഞ്ചുകൾ കുഴിക്കുമ്പോൾ പാറയുള്ള സ്ഥലം ഒഴിവാക്കുമ്പോൾ ആനകൾ അതിലൂടെ വന്ന് കൃഷിസ്ഥലം നശിപ്പിക്കുന്നതിനാൽ പാറയും ചതുപ്പുനിലങ്ങളും ഒഴിവാക്കാതെ ആ സ്ഥലങ്ങൾകൂടി ട്രെഞ്ച് നിർമ്മിക്കണമെന്ന് ആവശ്യപ്പെടുന്നു. കൂടാതെ കാട്ടാന ജീവനും സ്വത്തിനും നാശം വരുത്തുംമ്പോൾ സർക്കാർ മതിയായ നഷ്ടപരിഹാരം നൽകുന്നതോടൊപ്പം കാട്ടാനശല്യം ശാശ്വതമായി പരിഹരിക്കുന്നതിനും അടിയന്തിരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, വയനാട് ജില്ലയിലെ തിരുനെല്ലി, തവിഞ്ഞാൽ, കൊട്ടിയൂർ പ്രദേശങ്ങളിൽ കാട്ടാനശല്യം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥലങ്ങളിൽ വനാതിർത്തിക്കുള്ളിൽത്തന്നെ വന്യജീവികളെ തടഞ്ഞുനിർത്തുന്നതിനുതകുന്ന വിധത്തിൽ വനപ്രദേശങ്ങൾ, കിടങ്ങുകൾ, വൈദ്യുത കമ്പിവേലികൾ, കയ്യാലകൾ, കൽമതിലുകൾ മുതലായവ നിർമ്മിച്ച് അവയെ തടഞ്ഞ് വേനൽക്കാലത്ത് വന്യജീവികൾക്ക് വനത്തിനുള്ളിൽ തന്നെ കുടിവെള്ളം, തീറ്റപ്പുൽ മുതലായവ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വന്യജീവികളിൽനിന്ന് ആക്രമണമുണ്ടാകുന്ന സന്ദർഭങ്ങളിൽ നിയമാനുസൃതമായ നഷ്ടപരിഹാരവും നൽകിവരുന്നുണ്ട്. ഈ മേഖലയിൽ വനാതിർത്തിയിൽ ഇതുവരെ 56 കിലോമീറ്റർ ദൂരം വൈദ്യുതി കമ്പിവേലി നിർമ്മിക്കുകയും 7.5 കിലോമീറ്റർ ദൂരം കിടങ്ങുകൾ കുഴിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവികളിൽനിന്ന് ആക്രമണം അനുവദിക്കേണ്ടിവന്ന കേസ്സുകളിൽ നഷ്ടപരിഹാരത്തുകയായി 4,02,675 രൂപ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച മറ്റു പ്രശ്നങ്ങളും പ്രത്യേകിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(16) കോഴിക്കോട് ജില്ലയിലെ കവണക്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

മി. സ്പീക്കർ : ഇന്നലെയുള്ള സബ്മിഷനാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, കോഴിക്കോട് ജില്ലയിലെ മാവൂരിലെ കവണക്കല്ലിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന.....

ശ്രീ. പി.കെ.കെ. ബാവ : സർ, കഴിഞ്ഞ ആഴ്ച ഞാൻ ഉന്നയിച്ച വിഷയമാണ്.

മീ. സ്പീക്കർ : അങ്ങ് ഉന്നയിച്ച വിഷയമാണോ? അതറിയില്ല. പരിശോധിക്കാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : കൊണ്ടോട്ടിയും കുന്ദമംഗലവും ഇതിലുൾപ്പെടുന്നതാണ്. രണ്ട് ഭാഗവും വരും. അത് ഇവിടെ ഉന്നയിച്ചു. സാധാരണ സഭയിൽ ഒരു സബ്മിഷൻ ഉന്നയിച്ചാൽ അതേ സഭയിൽ തന്നെ ആ പ്രശ്നം വീണ്ടും ഉന്നയിക്കാറില്ല.

ശ്രീ. സി.പി. ബാലൻ വൈദ്യർ : മണ്ഡരിപ്രശ്നം ഇവിടെ എത്ര പ്രാവശ്യം വന്നു. ചട്ടം 130 അനുസരിച്ച് ഇന്നും അതു വരണോ? ശ്രീ. ആര്യാടൻ മുഹമ്മദ്, എന്തിനാണ് ഈ ജാതി അർത്ഥമില്ലാത്ത വാദഗതി ഉന്നയിക്കുന്നത്? അങ്ങ് ഇരിക്കുന്ന കസേരയെക്കുറിച്ച് ആലോചിച്ചിട്ട് വാദഗതി ഉന്നയിക്കണം. നിങ്ങളിരിക്കുന്ന കസേരയിലിരുന്നു പറയുന്ന കാര്യങ്ങൾ ചില വസ്തുതകൾ ഉള്ളതായിരിക്കണം.

മീ. സ്പീക്കർ : ഒരേ വിഷയം വീണ്ടും ആവർത്തിക്കാൻ പാടില്ല. ഈ കാര്യം പരിശോധിക്കാം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, ഇത് ഏറ്റവും പ്രധാനമായി ബാധകമാകുന്നത് കോഴിക്കോട് ജില്ലയിലാണ്. അതിന്റെ ഒരു ഭാഗം നിൽക്കുന്നത് മലപ്പുറം ജില്ലയിലാണ്, അത് നിഷേധിക്കുന്നില്ല. അതിനെന്തിനാണ് തർക്കമുന്നയിക്കുന്നതെന്നറിയില്ല. ഇത് 1981-ലെ അന്നത്തെ ഗവൺമെന്റ് ഉപേക്ഷിച്ചതും 1987-ലെ നായനാർ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളതുമായ ഒരു പദ്ധതിയാണ്. അന്ന് എവിടെ കെട്ടണമെന്നുള്ളതിന്റെ പേരിൽ തർക്കമുണ്ടാക്കി ഉപേക്ഷിച്ച ഒരു പദ്ധതിയാണ്. ഇതിനിപ്പോൾ തർക്കമുണ്ടാകേണ്ട കാര്യമില്ല. റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി ഏതാണ്ട് തീരാൻ പോവുകയാണ്. ആപദ്ധതി വളരെവേഗം തീർക്കണം, തീർക്കുന്നതോടുകൂടി ചാലിയാർ പുഴയിൽ രണ്ടേ മുക്കാൽ മീറ്റർ ഉയരത്തിൽ വെള്ളം കെട്ടിനിൽക്കും. അതിന്റെ കൈപ്പുഴയായ കോഴിക്കോടുജില്ലയിലെ ചെറുപുഴയിലും വെള്ളം പൊങ്ങും. അതിന്റെ ഫലമായി ആ ഭാഗത്തെ നെൽക്കൃഷിയും മറ്റു കൃഷിസ്ഥലങ്ങളും വെള്ളത്തിൽ മുങ്ങാൻ സാധ്യതയുണ്ട്. ആ സ്ഥലങ്ങളിൽ സൈഡ് പ്രൊട്ടക്ഷനുണ്ടാകണം. അതിന് ഒരു എസ്റ്റിമേറ്റ് ഇപ്പോൾ ഗവൺമെന്റിനുമുന്നിലുണ്ട്. ആ എസ്റ്റിമേറ്റുകൂടി അംഗീകരിച്ച് നടപടിതുടങ്ങിയാൽ മാത്രമേ ചാലിയാർ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രയോജനം ആ പ്രദേശത്തെയും മലപ്പുറം ജില്ലയിലേയും കൃഷിക്കാർക്ക് ലഭിക്കുകയുള്ളൂ. അതുപോലെതന്നെ റഗുലേറ്റർ-കം-ബ്രിഡ്ജ് വരുന്നതിന്റെ ഭാഗമായി സൈഡ് ഇടിയുന്നുണ്ട്. അതിനാവശ്യമായ പ്രൊട്ടക്ഷൻ വേണം. 1987-ലെ ഗവൺമെന്റ് ബിർലാ മാനേജുമെന്റുമായി ചർച്ചചെയ്തതിന്റെ ഫലമായി രണ്ടുകോടി രൂപ മാവൂർ കമ്പനി ഈ പദ്ധതിക്ക് കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഒന്നരക്കോടി രൂപയേ കൊടുത്തിട്ടുള്ളൂ, ബാക്കി പണം വാങ്ങണം. അന്നത്തെ എസ്റ്റിമേറ്റിന്റെ 25% ആണ് കൊടുക്കാമെന്ന് പറഞ്ഞിട്ടുള്ളത്. ഇന്ന് 20 കോടിയോളം രൂപ അതിന് ചെലവായിക്കഴിഞ്ഞിട്ടുണ്ട്. 25% തന്നെ മാവൂർ കമ്പനിയിൽനിന്നും വാങ്ങാനാവശ്യമായ നടപടികൂടി ഗവൺമെന്റിൽനിന്നുമുണ്ടാകണം. ഈ പദ്ധതി വളരെ വേഗം പൂർത്തി

LIBRARY ARCHIVES Kerala Legislative Assembly

യാക്കുകയും ഇതിന്റെ ഫലമായി കൃഷിക്കാർക്ക് ഉണ്ടാകുന്ന മറ്റു ബുദ്ധിമുട്ടുകൾക്ക് സംരക്ഷണം കൊടുക്കാനുള്ള നടപടികൂടി ഗവൺമെന്റ് എടുക്കുകയും ചെയ്യണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ഇത് കഴിഞ്ഞ ആഴ്ചയിൽ മെമ്പർ ഉന്നയിച്ചു എന്നുപറയുന്നത് ശരിയാണ്. മലപ്പുറം ജില്ലയിൽ ചാലിയാർ പുഴയ്ക്ക് കുറുകെ കവണക്കല്ലിൽ പാലത്തോടുകൂടിയ ഒരു റഗുലേറ്റർ പണിയുന്നതിന് 820 ലക്ഷം രൂപ മതിപ്പ് ചെലവുവരുന്ന ഒരു പദ്ധതിക്ക് സർക്കാർ 18.2.1992-ൽ ഭരണാനുമതി നൽകുകയുണ്ടായി. ടെന്റേറ്റീവ് ഡിസൈൻ അനുസരിച്ച് ഇതിന് ഇറിഗേഷൻ ചീഫ് എൻജിനീയർ 2.9.1999-ൽ 840 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകി. ഏകദേശം 2000 ഹെക്ടർ സ്ഥലം ജലസേചനത്തിന് ഉപയുക്തമാക്കുവാനും ചാലിയാർ പുഴയിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് തടയുവാനും മാവൂർ ഗ്വാളിയാർ റയോൺസിലേയ്ക്കുള്ള ജലസ്രോതസ്സ് വർദ്ധിപ്പിക്കുവാനും, കോഴിക്കോട് നഗരസഭ, മാവൂർ പഞ്ചായത്ത്, മുക്കം പഞ്ചായത്ത്, റീജിയണൽ എഞ്ചിനീയറിംഗ് കോളേജ് മുതലായ സ്ഥലങ്ങളിലേയ്ക്ക് കുടിവെള്ളം കൊടുക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ള ഈ റഗുലേറ്റർ-കം-ബ്രിഡ്ജ് കോഴിക്കോട്, മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒന്നാകയാൽ ഈ ഭാഗത്തേയ്ക്കുള്ള യാത്രാസൗകര്യം മെച്ചപ്പെടുത്തുകയും ചെയ്യും. മൈനർ ഇറിഗേഷൻ ക്ലാസ്-1 സ്കീമിൽ ഉൾപ്പെടുത്തി 17.6.1992-ന് ടെണ്ടർ ചെയ്ത ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ടെന്റേറ്റീവ് ഡിസൈൻ പ്രകാരമാണ് ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. നിർമ്മാണഘട്ടത്തിലാണ് ഇതിന്റെ വിശദമായ ഡിസൈൻ ലഭ്യമായത്. ടെണ്ടർ ചെയ്ത് കരാർ ഉറപ്പിച്ച നിർമ്മാണപ്രവർത്തനങ്ങളിൽ ബ്രിഡ്ജ്-കം-റഗുലേറ്ററിന്റെ സിവിൽ വർക്കുകൾ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. പാലത്തിനോട് ബന്ധപ്പെട്ട അപ്രോച്ച് റോഡ്, റഗുലേറ്ററിന്റെ ഷട്ടറുകൾ എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ തുക ആദ്യത്തെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതിനാൽ റോഡുകളുടെ ടാറിംഗും, സംരക്ഷണ ഭിത്തിയുടെ നിർമ്മാണം, റഗുലേറ്റർ ഷട്ടറുകൾ എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഈ പദ്ധതിക്കുവേണ്ടി വരുന്ന തുകയിൽ ഗ്വാളിയാർ റയോൺസ് 200 ലക്ഷം രൂപയും കേരള ജല അതോറിറ്റി 100 ലക്ഷം രൂപയും വഹിക്കുന്നതിനാണ് തീരുമാനം. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പണം ലഭ്യമാക്കുന്നതിന് നബാർഡിന്റെ സഹായവും ലഭ്യമാക്കിയിട്ടുണ്ട്. 730 ലക്ഷം രൂപ നബാർഡിന്റെ സഹായമായി ലഭിക്കുന്നതാണ്. ഈ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണികൾ 90% പൂർത്തിയായി. ശേഷിക്കുന്ന സിവിൽ പ്രവൃത്തികൾ 2000 മാർച്ചോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ മെക്കാനിക്കൽ പണികൾ ഇപ്പോൾ ദ്രുതഗതിയിൽ നടന്നുവരുന്നു. അടുത്ത് സാമ്പത്തികവർഷത്തിൽ ഈ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(17) പ്രാഥമിക സഹകരണസംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

ശ്രീ. കെ.പി.എ. മജീദ് : സർ, കേരളത്തിലെ പ്രാഥമിക സഹകരണസംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിന്മേൽ ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly